**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1015** **06-02-2023 - ൽ മറുപടിയ്ക്ക്**

**തിരൂർ പുഴ ശുദ്ധീകരിച്ച് സൈഡ് കെട്ടി സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | തിരൂർ പുഴ ശുദ്ധീകരിച്ച് സൈഡ് കെട്ടി സംരക്ഷിക്കണമെന്ന ആവശ്യത്തിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജലസേചന ചീഫ് എഞ്ചിനീയർക്ക് 10.07.2022-ന് ജലസേചന വകുപ്പിൽ നിന്നും നൽകിയ കത്തിനെ തുടർന്ന് ചീഫ് എഞ്ചിനീയറിൽ നിന്ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | **ലഭ്യമായിട്ടില്ല** |
| (ബി) | തിരൂർ പുഴയുടെ ശോചനീയ അവസ്ഥ പരിഗണിച്ച് മാലിന്യങ്ങൾ നീക്കി സൈഡുകൾ കെട്ടി പുഴ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പുഴയുടെ ശോചനീയ അവസ്ഥ പരിഗണിച്ച് മാലിന്യങ്ങൾ നീക്കി സൈഡുകൾ കെട്ടി പുഴ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കും പ്രകാരമാണ്.<br><br>തിരൂർ പുഴയിൽ വിവിധയിടങ്ങളിലായി അടിഞ്ഞുകൂടിയ എക്കലും അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിന് 2.91 ലക്ഷം രൂപയുടെ ഡീസിൽസ്റ്റേഷൻ പ്രവൃത്തികൾ 'റൂം ഫോർ റിവർ' പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. തിരൂർ പുഴ മാലിന്യമുക്തമാക്കുന്നതിനും സൈഡ് കെട്ടി സംരക്ഷിക്കുന്നതിനും 2022-23 ബഹു.നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ (എൻ.ജി.ടി) ആക്ഷൻ പ്ലാനിൽ "General - Rejuvenation of Tirur Ponnani Puzha"- Cleaning and Development of old Ponnani Thodu at Thazhepalam in Tirur Municipality and strengthening the right bank of Tirur Ponnani Puzha at Porur ward No. I in Tirur munIcipality- General Civil work Rs. 30.10 Lakh എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.<br><br>Flood damage (FD) പദ്ധതിയിലും ആർ.എം.എഫ് പദ്ധതിയിലും ഉൾപ്പെടുത്തി താഴെ പറയുന്ന 2 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | 1) General - Flood damage- repairs to the left bank of Tirur ponnani puzha at upstream side of Ezhur bridge in Tirur municipality - General civil work- Rs. 27.90 Lakh.<br><br>2) General - Flood damage - protecting the left bank of Tirur river at Annara in ward No. 36 in Tirur Municipality-General Civil/work- Rs. 13.40 Lakh.<br><br>ബഹ: നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ നോർത്ത് സർക്കിൾ കോഴിക്കോട് ചെയർമാനായിട്ടുള്ള സമിതി, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഇറിഗേഷൻ വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളുടെ പ്രവൃത്തികളിൽ ഉൾപ്പെടുത്തി തിരൂർ പുഴ മാലിന്യമുക്തമാക്കുന്നതിന് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ നടന്നു വരികയും ചെയ്യുന്നുണ്ട്. മാസം തോറുമുള്ള സമിതി യോഗത്തിൽ തിരൂർ പുഴയുടെ മാലിന്യ തോത് കുറഞ്ഞു വരുന്നതായി പൊല്യൂഷൻ കൺട്രോൾ ബോർഡ് മലപ്പുറം സൂചിപ്പിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടേയും ഏകോപന പ്രവർത്തനത്തിലൂടെ മാത്രമെ തിരൂർ പുഴ മാലിന്യ വിമുക്തമാക്കുവാൻ സാധിക്കുകയുള്ളൂ. തിരൂർ പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രവൃത്തികളുടെ പ്രൊപ്പോസലുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | | |
|---|---|---|
| 1 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ പുത്തൻ വീട് തോട് മുതൽ പുറത്തൂർ ബോട്ട് ജെട്ടി വരെ തിരൂർ പൊന്നാനി പുഴയുടെ ഇടതു കര സംരക്ഷണം | 98.40 |
| 2 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ പുറത്തൂർ ബോട്ട്ജെട്ടി മുതൽ പുളിക്കൽ പുഴയോരം റോഡ് വരെയുള്ള തിരൂർ പൊന്നാനി പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി. | 67.10 |
| 3 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ അമ്മോത്ത് പടന്ന മുതൽ മുക്കടിപ്പറമ്പ് വരെയുള്ള തിരൂർ പൊന്നാനി പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | 98.40 |
| 4 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ മുക്കാടിപറമ്പ് മുതൽ മുള്ളൻ വളപ്പ് മസ്ജിദ് വരെയുള്ള തിരൂർ പൊന്നാനി പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | 93.10 |
| 5 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ മുള്ളൻ വളപ്പ് മസ്ജിദ് മുതൽ നായർതോട് വരെയുള്ള തിരൂർ പൊന്നാനി പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | 98.40 |
| 6 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ നായർതോട് മുതൽ എടക്കനാട് വരെയുള്ള തിരൂർ പൊന്നാനി പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | 98.40 |
| 7 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ എടക്കനാട് മുതൽ ബ്രാന്തൻകടവ് വരെയുള്ള തിരൂർ പൊന്നാനി പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി. | 98.40 |
| 8 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ ബ്രാന്തൻകടവ് മുതൽ മുട്ടന്നൂർ ക്ഷേത്രം വരെയുള്ള തിരൂർ പൊന്നാനി പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | 98.40 |
| 9 | പുറത്തൂർ ഗ്രാമപഞ്ചായത്തിലെ മുട്ടന്നൂർ ക്ഷേത്രം മുതൽ മുഖച്ചിറ വരെയുള്ള തിരൂർ പൊന്നാനി പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | 98.40 |
| 10 | മംഗലം ഗ്രാമപഞ്ചായത്തിലെ മുഖച്ചിറ മുതൽ പെരിന്തിരുത്തി ഋക്കപാലം വരെയുള്ള തിരൂർ പൊന്നാനി പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി | 98.40 |
| 11 | മംഗലം ഗ്രാമപഞ്ചായത്തിലെ തിരുത്തുമ്മൽ ബണ്ട് റോഡിന് വടക്കുഭാഗത്തേക്ക് 165 മീറ്റർ നീളത്തിൽ തിരൂർ പൊന്നാനി പുഴയിലെ തിരുത്തുമ്മൽ ദ്വീപിന്റെ തീര സംരക്ഷണ പ്രവൃത്തി. | 26.20 |
| 12 | മംഗലം ഗ്രാമപഞ്ചായത്തിലെ തിരുത്തുമ്മൽ ബണ്ട് റോഡിന് തെക്ക് 250 മീറ്റർ നീളത്തിൽ തിരൂർ പൊന്നാനി പുഴയിലെ തിരുത്തുമ്മൽ ദ്വീപിന്റെ തീര സംരക്ഷണ പ്രവൃത്തി. | 36.00 |
| 13 | മംഗലം ഗ്രാമപഞ്ചായത്തിലെ തിരുത്തുമ്മൽ ബണ്ട് റോഡിന് വടക്ക് ഭാഗത്തേക്ക് 200 മീറ്റർ നീളത്തിൽ തിരൂർ പൊന്നാനി പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി. | 31.70 |

സെക്ഷൻ ഓഫീസർ